പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 17

# 2021-ലെ കേരള മിശ്രവിവാഹിത കുടുംബ സംരക്ഷണ ബിൽ

(ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 17

# 2021-ലെ കേരള മിശ്രവിവാഹിത കുടുംബ സംരക്ഷണ ബിൽ

(ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 17

# 2021-ലെ കേരള മിശ്രവിവാഹിത കുടുംബ സംരക്ഷണ ബിൽ

(ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

## സംസ്ഥാനത്ത് ജാതി-മത-സാമുദായിക പരിഗണനകൾ കൂടാതെ മാനവികതയിലുറച്ച് നിന്നുകൊണ്ട് വ്യത്യസ്തവിഭാഗങ്ങളിൽ നിന്നുള്ള മിശ്ര വിവാഹത്തിലൂടെ ഒത്തുചേർന്ന് ജീവിക്കുന്നുണ്ടെങ്കിലും അവർക്ക് നിയമത്തിന്റെ പ്രത്യേക പരിരക്ഷ ലഭിക്കുന്നതിനായി ഒരു മിശ്രവിവാഹിത കുടുംബസംരക്ഷണ ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ

പീഠിക.—സംസ്ഥാനത്തെ ലക്ഷക്കണക്കിന് മിശ്രവിവാഹിത കുടുംബങ്ങൾ അധിവസിക്കുന്നുണ്ടെങ്കിലും അവരുടെ കുടുംബങ്ങളുടെ ജനന-മരണ-രജിസ്ട്രേഷൻ-വിദ്യാഭ്യാസ-തൊഴിൽ നിയമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും, മതേതരജീവിതം നിയമപരമായി നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഒരു നിയമം ഉറപ്പാക്കേണ്ടത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള മിശ്രവിവാഹിത കുടുംബസംരക്ഷണ നിയമം എന്ന് പേര് പറയാം;

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്;

(3) കേരള സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതാണ് ;

2. നിർവ്വചനങ്ങൾ.— ഈ നിയമത്തിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,

1099/2021.

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാക്കുന്നു;

(സി) “വകുപ്പ്" എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(ഡി) “വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ മൂലം നിർണ്ണയിക്കപ്പെട്ട ഒരു വിജ്ഞാപനം എന്ന് അർത്ഥമാകുന്നു;

(ഇ) “ബോർഡ്"എന്നാൽ മിശ്രവിവാഹിത കുടുംബസംരക്ഷണ ബോർഡ് എന്നർത്ഥമാകുന്നു;

(എഫ്) “ഫണ്ട്" എന്നാൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ബജറ്റുകൾ ഒരു നിശ്ചിത തുക ഉൾപ്പെടുത്തുകയും വിവിധ സർക്കാർ പദ്ധതികൾ പ്രകാരം നൽകുന്ന തുകയും എന്നർത്ഥമാകുന്നു;

(ജി) “ തദ്ദേശാധികാര സ്ഥാപനങ്ങൾ" എന്നാൽ 1994-ൽ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ മുനിസിപ്പൽ-കോർപ്പറേഷൻ ഒരു ജില്ലാപഞ്ചായത്ത്-ബ്ലോക്ക് പഞ്ചായത്ത് എന്നർത്ഥമാക്കുന്നു;

(എച്ച്) “കളക്ടർ" എന്നാൽ ജില്ലയുടെ കളക്ടർ എന്നർത്ഥമാക്കുന്നു.

3. <u>ബോർഡുകളുടെ രൂപീകരണവും ഘടനയും</u>.—(1) ഈ ആക്റ്റ് നിലവിൽ വന്നതിനു ശേഷം എത്രയും വേഗം സർക്കാർ വിജ്ഞാപനം വഴി സംസ്ഥാനതലത്തിലും ഓരോ ജില്ലയ്ക്കും വേണ്ടി വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള ഓരോ ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന താഴെപ്പറയുന്ന അംഗങ്ങൾ സംസ്ഥാനതല ബോർഡിൽ അംഗങ്ങളായി ഉണ്ടായിരിക്കേണ്ടതാണ്:

(എ) സംസ്ഥാന നിയമവകുപ്പുമന്ത്രി;

(ബി) സംസ്ഥാന നിയമസഭാസാമാജികരിൽ നിന്നും സർക്കാർ നാമനിർദ്ദേശം നൽകിയ മൂന്ന് സാമാജികർ;

(സി) സംസ്ഥാന നിയമവകുപ്പ് സെക്രട്ടറി;

(ഡി) സംസ്ഥാന എസ്.സി./എസ്.ടി. വകുപ്പ് സെക്രട്ടറി;

(ഇ) സംസ്ഥാന സാമൂഹ്യ വകുപ്പ് സെക്രട്ടറി;

(എഫ്) അഭിഭാഷകവൃത്തിയിൽ പത്തു വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയമുള്ള, സർക്കാർ നാമനിർദ്ദേശം നൽകിയ ഒരു അഭിഭാഷകൻ;

(ജി) അഭിഭാഷക വൃത്തിയിൽ പത്തു വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയമുള്ള, സർക്കാർ നാമനിർദ്ദേശം നൽകിയ ഒരു അഭിഭാഷക;

(എച്ച്) സർക്കാർ നാമനിർദ്ദേശം നൽകിയ മിശ്രവിവാഹിതരുടെ 2 പ്രതിനിധികൾ.

(3) ജില്ലാതല ബോർഡുകൾ രൂപീകരിക്കാൻ സർക്കാരിനോട് ശിപാർശ ചെയ്യേണ്ടതുമാണ്.

4. ജില്ലാതല ബോർഡ് രൂപീകരണവും ഘടനയും.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിന് ശേഷം എത്രയും വേഗം സർക്കാർ വിജ്ഞാപനം വഴി സംസ്ഥാനത്തിനു വേണ്ടി വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്ന അപ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള ജില്ലാതല മിശ്രവിവാഹിത കുടുംബ സംരക്ഷണ ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) ജില്ലാതല ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് :

(എ) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്-ചെയർമാനുമായി പ്രവർത്തിക്കേണ്ടതാണ്;

(ബി) ജില്ലാ കളക്ടർ - സെക്രട്ടറിയായി പ്രവർത്തിക്കേണ്ടതാണ്;

(സി) ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ -മെമ്പർ;

(ഡി) ജില്ലാ പഞ്ചായത്ത് അംഗങ്ങളിൽനിന്നും സർക്കാർ നാമനിർദ്ദേശം നൽകിയ 3 അംഗങ്ങൾ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യു 10 വർഷത്തിൽ കുറയാത്ത അഭിഭാഷക വൃത്തിയിൽ പ്രവർത്തിച്ചുവരുന്ന ഒരു അഭിഭാഷകനും/ഒരു അഭിഭാഷകയും;

(എഫ്) സർക്കാർ നാമനിർദ്ദേശം നൽകുന്ന മിശ്രവിവാഹിതരുടെ പ്രതിനിധികൾ രണ്ടുപേർ.

5. ഔദ്യോഗിക കാലാവധി.—(1) ഈ ആക്റ്റിൽ മറ്റുതരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ-അതാത് സംഗതിപോലെ സംസ്ഥാന മിശ്രവിവാഹിത കുടുംബ സംരക്ഷണ ബോർഡിലും ജില്ലാതല മിശ്രവിവാഹിത കുടുംബ സംരക്ഷണ ബോർഡിലും എക്സ്-ഒഫീഷ്യോ മെമ്പർ ഒഴികെയുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ 5 വർഷം വരെ ആയിരിക്കുന്നതും ആവശ്യമെങ്കിൽ പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

(2) ഏതൊരംഗത്തിനും അതതു സംഗതിപോലെ സർക്കാരിനെയോ സംസ്ഥാന ജില്ലാ ബോർഡ് ചെയർമാൻമാരെയോ അറിയിച്ചുകൊണ്ട് രാജിവയ്ക്കാവുന്നതാണ്, രാജി സ്വീകരിക്കുന്ന മുറയ്ക്ക് അയാൾ അംഗമല്ലാതായിതീരുന്നതാണ്.

6. ഒഴിവ്, ന്യൂനത എന്നീ കാരണങ്ങളാൽ വിവിധ കൗൺസിലുകൾ അസാധുവാകുന്നില്ലെന്ന്.—സംസ്ഥാന, ജില്ലാ ബോർഡുകളിൽ എടുക്കുന്ന ഏതൊരു തീരുമാനവും നടപടിയും ,

(എ) മേൽ പറഞ്ഞ ഒഴിവിന്റെയോ, അതിന്റെ രൂപീകരണത്തിലെ ന്യൂനതയോ;

(ബി) വിഷയത്തിന്റെ മൂല്യത്തെ ബാധിക്കാത്ത മേൽപ്പറഞ്ഞ ബോർഡുകളുടെ നടപടികളിലൂടെ എന്തെങ്കിലും ക്രമക്കേടിന്റെ കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

7. ഒഴിവുകൾ.—അതത് സംഗതി പോലെ സംസ്ഥാന ജില്ലാ ബോർഡുകളിൽ ഉണ്ടാകുന്ന ഏതൊരു ഒഴിവും കഴിയുന്നതുവേഗം നാമനിർദ്ദേശം ചെയ്ത് സർക്കാർ നികത്തേണ്ടതാണ്.

8. സംസ്ഥാനതല- ജില്ലാതല ബോർഡ് യോഗങ്ങൾ.—(1) സംസ്ഥാനതല-ജില്ലാതല ബോർഡുകളുടെ യോഗങ്ങൾ എല്ലാ രണ്ടു മാസത്തിൽ ഒരിക്കൽ നിർബന്ധമായും ചേരേണ്ടതാണ്. അത്യാവശ്യ ഘട്ടങ്ങളിൽ ചെയർമാന്റെ നിർദ്ദേശപ്രകാരം ബോർഡ് യോഗങ്ങൾ വിളിച്ച് ചേർക്കാവുന്നതാണ്.

(2) ചെയർമാന് തന്റെ അസാന്നിദ്ധ്യത്തിൽ യോഗത്തിന്റെ അദ്ധ്യക്ഷത വഹിക്കാൻ ഒരാളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(3) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

9. സംസ്ഥാനതല മിശ്രവിവാഹിത കുടുംബ സംരക്ഷണ ബോർഡിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.— (1) ബോർഡ് മുമ്പാകെ ലഭ്യമാകുന്ന ഏതൊരപേക്ഷയും പരിശോധിച്ച് അപേക്ഷകർക്ക് ആവശ്യമായ നിയമസഹായവും ധനസഹായവും ലഭ്യമാക്കുകയും ആയത് ഉറപ്പ് വരുത്തുകയും ചെയ്യുക.

(2) അതത് സമയങ്ങളിൽ ജില്ലാ ബോർഡുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ചുമതലകളും നൽകുക.

(3) ഹൈക്കോടതി, സുപ്രീംകോടതി സംസ്ഥാനതല ട്രിബ്യൂണലുകൾ തുടങ്ങി സംസ്ഥാന തലത്തിൽ വരുന്ന മുഴുവൻ കേസ്സുകളിലും അതിവിദഗ്ദ്ധരായ അഭിഭാഷകരെ നിർദ്ദേശിക്കാനും കേസ്സുകൾ നടത്തുന്നതിനാവശ്യമായ നിയമോപദേശം തേടുന്നതിനും കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) സംസ്ഥാനത്തിന്റെ ഏതുഭാഗത്തും ഏതൊരു മിശ്രവിവാഹിതർക്കും അവശതയോ, സാമൂഹ്യ പിന്നോക്കാവസ്ഥ കാരണമോ വിധവയായതുകൊണ്ടുള്ള പരിമിതിയിലോ, നീതിയോ, ക്ഷേമമോ ലഭിക്കാതെ വന്നതായ അറിവ് ലഭിച്ചാൽ സ്വമേധയാ ആ വ്യക്തിക്ക് ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

(5) ജില്ലാതല ബോർഡുകളിൽ നിന്നും അപ്പീലുകൾ പരിഗണിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) അതാത് ബോർഡുകൾക്ക് സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം സംസ്ഥാനതല ഫണ്ടിൽ നിന്നും അർഹതപ്പെട്ട വ്യക്തിക്ക് ലഭ്യമാക്കുക.

(7) സർക്കാർ വിജ്ഞാപനം വഴി കേരള സംസ്ഥാന മിശ്ര വിവാഹ കുടുംബ സംരക്ഷണത്തിനും ക്ഷേമത്തിനുമായി ക്ഷേമനിധി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതും ഈ ആക്റ്റിലെയും പദ്ധതിയിലേയും വ്യവസ്ഥകൾ പ്രകാരം കേരള സംസ്ഥാന മിശ്രവിവാഹിത കുടുംബങ്ങളുടെ പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(8) സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി അതിൽ നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോട് കൂടി നിധിയുടെ നിർവ്വഹണത്തിനും നിധിയിൽ നിന്നു ധനസഹായം നൽകുന്ന പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നടപ്പാക്കുകയോ ചെയ്യുന്നതിനും സംസ്ഥാനതല മിശ്രവിവാഹിത കുടുംബക്ഷേമനിധി രൂപീകരിക്കേണ്ടതാണ്.

(9) സംസ്ഥാനത്തെ മിശ്രവിവാഹിതരുടെയും അവരുടെ വിദ്യാഭ്യാസം, തൊഴിൽ, വിവാഹം, അടിസ്ഥാന ജീവിത സൗകര്യങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

(10) സംസ്ഥാനത്തെ മിശ്രവിവാഹിത കുടുംബാംഗങ്ങൾക്ക് സർക്കാർ സർവ്വീസിലും വിദ്യാഭ്യാസ പ്രവേശനത്തിലും ആവശ്യമായ പരിഗണനയുണ്ടാകുന്നതിനുള്ള സർക്കാർ ഇടപെടൽ നടത്തുക.

(11) സംസ്ഥാനത്തെ മിശ്രവിവാഹിത-കുടുംബങ്ങൾക്ക് ജനന-മരണ രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ എന്നിവ സുഗമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

(12) സംസ്ഥാനത്തെ മിശ്രവിവാഹിത കുടുംബങ്ങൾക്ക് മരണാനന്തര ശവസംസ്കാരത്തിനായി പൊതു ശ്മശാനങ്ങളും മറ്റും അനുവദിപ്പിക്കുക.

(13) സംസ്ഥാനത്തെ മിശ്രവിവാഹിത കുടുംബങ്ങൾക്ക് വ്യക്തികൾ എന്ന നിലയിൽ അവർ വിശ്വസിച്ചുപോരുന്നതായ മതത്തിൽ തുടരുന്നതിനോ ഒരു മതത്തിലും ജാതിയിലും വിശ്വസിക്കാതിരിക്കുന്നതിനോ ഉള്ള ഭരണഘടനാപരമായ അവകാശം സംരക്ഷിച്ചുപോരുന്നതിനും മതേതര ജീവിതം കരുപ്പിടിപ്പിക്കുന്നതിനും ആവശ്യമായ നിയമപരമായ സംരക്ഷണവും സഹായവും ഒരുക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

10. ജില്ലാതല ബോർഡുകളുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) സംസ്ഥാനതല ബോർഡ് കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കുകയും നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്യുക.

(2) ജില്ലാതല ബോർഡ് മുമ്പാകെ കിട്ടുന്ന ഏതൊരു അപേക്ഷയും പരിശോധിച്ച് അപേക്ഷകർക്ക് ആവശ്യമായ ക്ഷേമ സുരക്ഷ ഉറപ്പാക്കാൻ വേണ്ട സാമ്പത്തിക സഹായവും നിയമ സഹായവും ലഭ്യമാക്കുകയും ആയത് ഉറപ്പ് വരുത്തുകയും ചെയ്യുക.

(3) ജില്ലാ കോടതികൾ ജില്ലാ ട്രിബ്യൂണലുകൾ തുടങ്ങി ജില്ലാതലത്തിൽ വരുന്ന മുഴുവൻ കേസ്സുകളിലും അതിവിദഗ്ധരായ അഭിഭാഷകരെ നിയമിക്കുന്നതിനും കേസ്സുകൾ നടത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം ചെയ്യുന്നതിനും ആവശ്യമായ വിദഗ്ധ നിയമോപദേശം തേടുന്നതിനും കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ജില്ലയിലെ ഏതു ഭാഗത്തുനിന്നും ഏതൊരു മിശ്രവിവാഹിത കുടുംബത്തിനും സാമ്പത്തിക അവശത കാരണമോ സാമൂഹികമായ അവസ്ഥകാരണമോ നീതി നിഷേധിക്കപ്പെടുകയോ നിയമസംരക്ഷണമോ, സാമൂഹിക സുരക്ഷയോ ലഭിക്കാതെ പോവുകയോ ചെയ്യുന്നതിനായി അറിവ് ലഭിച്ചാൽ സ്വമേധയാ ആ വ്യക്തിക്ക് നീതിയും ക്ഷേമവും ഉറപ്പാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

(5) മിശ്രവിവാഹിത കുടുംബങ്ങളുടെ സുരക്ഷയ്ക്കായി നൽകാൻ ആവശ്യമായ സാമ്പത്തിക സഹായം ജില്ലാതല ഫണ്ടിൽ നിന്നും അർഹതപ്പെട്ട വ്യക്തിക്ക് ലഭ്യമാക്കുക.

(6) സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും മിശ്രവിവാഹിതർക്കും കുടുംബാംഗങ്ങൾക്കും സഹായങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുക.

(7) വിവിധ തൊഴിൽ പദ്ധതികളിൽ മിശ്രവിവാഹിത കുടുംബങ്ങൾക്ക് അർഹമായ അവസരം ഉറപ്പ് വരുത്തുന്നതിനും സ്വയംതൊഴിൽ പദ്ധതികൾക്ക് സാമ്പത്തിക സഹായവും വായ്പയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

11. ജില്ലാതല ഫണ്ട് രൂപീകരണം.—അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ബജറ്റിൽ ഒരു നിശ്ചിത തുക ഉൾപ്പെടുത്തുകയും വിവിധ സർക്കാർ പദ്ധതി പ്രകാരം നൽകുന്ന തുകയും സംഭാവനയിലൂടെയും സ്പോൺസർഷിപ്പിലൂടെയും കിട്ടുന്ന തുക വഴിയുമാണ് ഫണ്ട് ക്രമീകരണം നടത്തേണ്ടത്.

12. വാർഷിക റിപ്പോർട്ടും കണക്കും.— ഓരോ സാമ്പത്തിക വർഷവും ആരംഭിച്ച് മൂന്ന് മാസത്തിനുള്ളിൽ തൊട്ട് മുൻവർഷത്തെ വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത പ്രകാരമുള്ള കണക്കുകളും ബോർഡിൽ അവതരിപ്പിച്ച് പാസ്സാക്കിയശേഷം കാര്യ നിർവ്വഹണങ്ങൾക്കായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

13. ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം മുഖേന ഈ ആക്റ്റ് നടപ്പാക്കുന്നതിനാവശ്യമായ എല്ലാ ചട്ടങ്ങളും സർക്കാരിന് ഉണ്ടാക്കാവുന്നതാണ് .

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്ന വേഗം നിയമസഭ സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ മുമ്പാകെയോ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനത്തിലോ ഉൾപ്പെടെ വയ്ക്കേണ്ടതും

അപ്രകാരം അത് വയ്ക്കുന്ന സഭാ സമ്മേളനമോ അതിൻ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭാ ചട്ടങ്ങൾ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ഈ ചട്ടത്തിന് അതിന് ശേഷം അതത് സംഗതി പോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ ദുർബ്ബലപ്പെടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധ്യതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണങ്ങൾ

കേരള സംസ്ഥാനത്തെ ജനങ്ങളുടെ മതേതര സാമൂഹിക ജീവിതം രാജ്യത്തിനു തന്നെ മാതൃകയാണ്. അതിൽ മിശ്രവിവാഹിത കുടുംബങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്. എന്നാൽ രണ്ട് വ്യത്യസ്ത മതവിഭാഗങ്ങളിൽ ജനിച്ചുവളർന്നവർ ഒരുമിച്ച് കുടുംബം നയിക്കുമ്പോഴും അവർക്കും കുടുംബാംഗങ്ങൾക്കും വിവിധ ജോലിയുമായി ബന്ധപ്പെടുമ്പോൾ ഉണ്ടാകാറുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനും ജാതിയുടെയും മതത്തിന്റെയും വേലിക്കെട്ടുകൾക്ക് പുറത്ത് അവരവരുടെ വിശ്വാസം സംരക്ഷിച്ചുകൊണ്ടും ഒരുമതത്തിലും വിശ്വസിക്കാതെയും ജീവിക്കാനുള്ള ഇന്ത്യൻ ഭരണഘടന ഉറപ്പാക്കുന്ന വ്യവസ്ഥ കൂടുതൽ ശക്തമാക്കുന്നതിനും വർത്തമാന സാമൂഹിക ജീവിതത്തിൽ മാനവികത ഉയർത്തിപ്പിടിക്കുന്നതിനും മനുഷ്യസ്നേഹവും സഹവർത്തിത്വവും ഊട്ടിയുറപ്പിക്കുന്നതിനും മിശ്രവിവാഹിത കുടുംബങ്ങൾ വഹിക്കുന്ന പങ്കിനെ മാനിച്ചും അവർക്ക് ഇന്ന് ജനന-മരണ-രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ, മരണാനന്തര ശവസംസ്കാരവുമായി ബന്ധപ്പെട്ട് ഉണ്ടാകാറുള്ള ബുദ്ധിമുട്ടുകൾ പരിഹാരം കാണുന്നതിനും മിശ്രവിവാഹിതരുടെയും കുടുംബാംഗങ്ങളുടെയും വിദ്യാഭ്യാസ-തൊഴിൽ പ്രവേശനം തുടങ്ങിയ കാര്യങ്ങളിലും സാമൂഹിക ജീവിതത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും സാമൂഹികസുരക്ഷയെ ലാക്കാക്കിയിട്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം ഇതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചുകഴിഞ്ഞാൽ മാത്രമെ കാര്യമായ സാമ്പത്തിക ബാദ്ധ്യത തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ എന്നതിനാലും ഇതിൽ പ്രതിപാദിക്കുന്നതിനനുസരിച്ച് ബോർഡ് രൂപീകരിക്കുന്നതിനും പ്രാരംഭ ചെലവുകൾക്കും സാമ്പത്തിക സഹായം ആവശ്യമായതിനാൽ സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും 75 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബില്ലിലെ 3-ാം വകുപ്പ് പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യാനോ റദ്ദാക്കാനോ ഉള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

**എം. രാജഗോപാലൻ, എം. എൽ. എ.**